**കേരള സർക്കാർ**

സംഗ്രഹം

മലിനീകരണ നിയന്ത്രണം-മലിനീകരണ നടപടികൾ സ്വീകരിക്കാനും, മലിനീകരണം നിയന്ത്രിക്കാനും ബാദ്ധ്യതയുള്ള സ്ഥാപനങ്ങൾ തന്നെ മലിനീകരണം ഉണ്ടാക്കുന്ന കേസുകളിൽ ഉത്തരവാദികളായവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.147/12/പരി. തീയതി, തിരുവനന്തപുരം 11.10.2012

പരാമർശം: 06.08.2012 ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അയച്ച പി സി ബി/റ്റി എ സി/എൽ സി/370/07 നമ്പർ കത്ത്

**ഉത്തരവ്**

കേരളാ മുനിസിപ്പാലിറ്റി നിയമം, കേരളാ പഞ്ചായത്ത് നിയമം എന്നിവ അനുശാസിക്കുന്ന പ്രകാരം, ഖരമാലിന്യങ്ങളുടെ നിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും, അത് നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും, ചുമതലപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത ബാദ്ധ്യതയാണ്. എന്നാൽ മലിനീകരണ നിയന്ത്രണവും, പൊതുജനാരോഗ്യ സംരക്ഷണവും ഉദ്ദേശിച്ചുള്ള ഇത്തരം പ്രാഥമിക കർത്തവ്യങ്ങളിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനാസ്ഥ കാട്ടുന്നതായും, അത്തരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിബന്ധനകൾ പാലിക്കാതെ, അശാസ്ത്രീയമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതു കൊണ്ടു തന്നെ ഗുരുതരമായ മലിനീകരണ പ്രശ്നങ്ങൾ സംജാതമാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ നിയമസഭാ സമിതികളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ചില കേസുകളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമാനുസൃത അനുമതിയില്ലാതെയും മറ്റു ചിലവയിൽ അനുമതി വ്യവസ്ഥകൾ ലംഘിച്ചും നടത്തി വരുന്ന ഇത്തരം പ്രവർത്തനങ്ങൾ അതാതിടങ്ങളിൽ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചു പൂട്ടാൻ ഉത്തരവു നല്കിയ അറവുശാല മലിനീകരണം സൃഷ്ടിച്ചു കൊണ്ട് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സംഭവവും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾ പൊതുജനങ്ങളോ, അന്യ സ്ഥാപനങ്ങളോ ചെയ്താൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാനും, പിഴയീടാക്കാനും ചുമതലപ്പെട്ട ഭരണഘടനാ സ്ഥാപനങ്ങൾ തന്നെ നിയമവ്യവസ്ഥകൾ ലംഘിച്ചു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു എന്ന വസ്തുത ഗൗരവമായി കണക്കിലെടുത്തു കൊണ്ട് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:

i. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമാനുസൃത അനുമതികൾ ആവശ്യമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ-പ്രത്യേകിച്ച് അറവുശാലകൾ- അത്തരം അനുമതികൾ യഥാസമയം വാങ്ങാതെയും അതുപ്രകാരം മലിനീകരണ നിയന്ത്രണ ഉപാധികൾ സ്ഥാപിച്ച് പൂർണ്ണമായും ഫലപ്രദമായും പ്രവർത്തനസജ്ജമാക്കാതെയും പ്രവർത്തിക്കുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ അതാതു നിയമപ്രകാരം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ii. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഇല്ലാതെയോ, ഉള്ളവ പൂർണ്ണതോതിൽ ഫലപ്രദമായി പ്രവർത്തിക്കാത്തതോ ആയ മാലിന്യ സംസ്ക്കരണശാലകൾ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയോ,

മറ്റു ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ പ്രകാരമോ, ഫലപ്രദമായ മലിനീകരണ നിയന്ത്രണ ഉപാധികൾ സമയബന്ധിതമായി സ്ഥാപിച്ച് അവയുടെ മേൽനോട്ടത്തിലുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ-പ്രത്യേകിച്ച് അറവുശാലകൾ-യാതൊരുവിധ മലിനീകരണവും, പൊതുജനാരോഗ്യ ഭീഷണിയും ഉണ്ടാക്കുന്നില്ല എന്നും, പൂർണ്ണമായി ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കുന്നു എന്നും ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികൾ
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, പനവിള ജംഗ്ഷൻ, തിരുവനന്തപുരം-14
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൃശൂർ നഗരസഭ
തദ്ദേശ സ്വയംഭരണ വകുപ്പ്
ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ